(സി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്കു പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിയുന്നതും പണികൾ പൂർത്തിയാക്കാൻ ശ്രമിക്കുന്നുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 97 പാലങ്ങളുടെ പണി ധൃതഗതിയിൽ പുരോഗമിച്ചുവരുന്നു. എൻ.എച്ച്. 47-ൽ തിരുവനന്തപുരം ബൈപ്പാസിൽ ആക്കുളം പാലത്തിന്റെ നിർമ്മാണം അടിസ്ഥാനം ഉറപ്പിക്കേണ്ട അടിമണ്ണിന്റെ പ്രത്യേക സ്വഭാവംമൂലം ഇടക്കാലത്ത് നിർത്തിവയ്ക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ബാംഗ്ലൂരിലെ "സ്റ്റുപ്പ്" കൺസൾട്ടൻസി എന്ന വിദഗ്ദ്ധ സ്ഥാപനത്തെക്കൊണ്ട് പഠനം നടത്തിക്കുകയും അവരുടെ നിർദ്ദേശമനുസരിച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏകദേശം 9 വർഷം മുൻപുവരെ പണി തുടങ്ങിയ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും അതിനുശേഷം തുടങ്ങിയ പണികളുമാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. ദേശീയ പാതാവിഭാഗത്തിൽ 1993-ൽ പണി തുടങ്ങിയ എൻ.എച്ച് 47-ൽ തിരുവനന്തപുരം ബൈപ്പാസിൽ ആക്കുളം പാലത്തിന്റെ നിർമ്മാണ പ്രവർത്തനമാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്.

(സി) നബാർഡിന്റെ സഹായത്തോടെ ചെയ്യുന്ന പാലങ്ങളുടെ പണികൾ എല്ലാംതന്നെ 2001-ാമാണ്ടോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു. മറ്റ് പണികളെല്ലാം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്. ദേശീയപാതയിൽ ആക്കുളം പാലത്തിന്റെ പണി രണ്ടായിരാമാണ്ട് മാർച്ച് മാസത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

116 (1660) പാലങ്ങൾക്കുള്ള ടോൾ പിരിവ്

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര പാലങ്ങൾ ടോൾ പിരിക്കുന്നുണ്ട്;

(ബി) എന്തു തുക വരെ മുടക്കിയ പാലങ്ങൾക്കാണ് ടോൾ പിരിക്കുന്നത്;

(സി) മുടക്കിയ പണം മുഴുവൻ തിരികെ കിട്ടിയശേഷവും ഏതെങ്കിലും പാലത്തിനുവേണ്ടി ടോൾ പിരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(ഡി) ഗതാഗതത്തിന് തുറന്നുകൊടുത്ത ശേഷം ടോൾ പിരിക്കാത്ത എത്ര പാലങ്ങൾ കേരളത്തിലുണ്ട്; അതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ 6 പാലങ്ങൾക്കും റോഡുകളും പാലങ്ങളും വിഭാഗത്തിൽ 94 പാലങ്ങൾക്കും ടോൾ പിരിക്കുന്നുണ്ട്.

(ബി) നാഷണൽ ഹൈവേ വിഭാഗത്തിൽ 100 ലക്ഷം രൂപയ്ക്കുമേൽ ചെലവുവരുന്ന പാലങ്ങൾക്കും റോഡുകളും പാലങ്ങളും വിഭാഗത്തിൽ 35

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപയ്ക്കുമേൽ ചെലവുവരുന്ന പാലങ്ങൾക്കുമാണ് ടോൾ പിരിച്ചുവരുന്നത്.

(സി) ഇല്ല. മുടക്കിയ തുകയും അതിന്റെ ഒൻപത് ശതമാനം സാധാരണ പലിശയും അടഞ്ഞുതീരുമ്പോൾ ടോൾ പിരിവ് നിർത്തണമെന്നാണ് നിലവിലുള്ള നിയമം.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

117 (1661) വക്കം പണയിൽക്കടവ് പാലം പണി

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം പണയിൽക്കടവ് പാലം പണി എന്നാണ് ആരംഭിച്ചത്;

(ബി) ഈ പാലം പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) പണയിൽക്കടവ് പാലം പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) 7.3.90-ൽ.

(ബി) പ്രസ്തുത പാലം പണിയുടെ ബാക്കി പണികൾക്കുള്ള കരാർ അംഗീകരിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്, താമസിയാതെ കരാർ ഉറപ്പിച്ച് പണി പുനരാരംഭിക്കുന്നതാണ്.

(സി) 2001-ൽ പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

118 (1662) പനമരം കൂടൽകടവ് പാലങ്ങൾ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പനമരം കൂടൽകടവ് പാലങ്ങളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ആരംഭിച്ചുവെന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ മതിപ്പു ചെലവ് തുക എത്രയാണെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനുവേണ്ട തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പാലങ്ങൾക്കുവേണ്ട അപ്രോച്ച് റോഡിന്റെ പണിക്കുവേണ്ടി സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ പനമരം, കൂടൽകടവ് പാലങ്ങളുടെ പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. 1999 മേയ് മാസത്തിലാണ് ആരംഭിച്ചത്.

(ബി) പനമരം പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ മതിപ്പ് തുക 174 ലക്ഷവും മാനന്തവാടി പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ മതിപ്പ് തുക 182

LIBRARY ARCHIVES Kerala Legislative Assembly